# ചികിത്സാമഞ്ജരിയിലെ ദ്രവ്യങ്ങൾ

**ഡോ.ജോസ് പൈക്കട**

**കുപ്പമേനി, ഹരിതമഞ്ജരി**

Acalyphera indica, Euphorbiaceae

വിന്യാസം: ഇന്ത്യയിൽ എല്ലായിടത്തും കാണപ്പെടുന്നു.

വിവരണം: Herb-Annual, 15-45 വരെ ഉയരം. ഇലകൾ ദീർഘ വൃത്താകൃതി, പുഷ്പ ങ്ങളുടെ നിറം പച്ച-ഹരിത മഞ്ജരി, പൂങ്കുല പത്രകക്ഷത്തിൽ നിന്നുമുണ്ടാ കുന്നു, ഫലങ്ങൾ പച്ച കലർന്ന വെളുപ്പുനിറം.

ഉപയോജ്യാഗം: പഞ്ചാംഗം, വിത്തുകൾ ചെറുത് (വിഷാംശമുള്ളതായി കണ്ടെത്തിയിട്ടുണ്ട്)

രസം: കഷായം, തിക്തം

ഗുണം: രൂക്ഷം

വീര്യം: ഉഷ്ണം

വിപാകം: കടു

ഉപയോഗം: കഫനിസ്സാരകം, വിരേചനമുണ്ടാക്കും, വമനമുണ്ടാ ക്കും, കോഷ്ഠത്തിൽ അസ്വസ്ഥതകളുണ്ടാക്കും, മുത്രളമാണ്. വേരും ഇലകളും ത്വഗ്രോഗം, മലബ ന്ധം, കൃമി, വ്രണം എന്നിവയിൽ ഉപയോഗിക്കാം.

1. പച്ചില അരച്ച് വ്രണത്തിൽ പുരട്ടുന്നു-പഴുപ്പും കൃമിയും ശമിക്കും.
2. ഇല അരച്ചുകലക്കി - കഫരോഗം, വിഷരോഗം എന്നിവയിൽവമനത്തിന് ഉപയോഗിക്കുന്നു.
3. കഷായം വെച്ച് വിരേചനത്തിനുപയോഗിക്കാം.
4. പത്രസ്വരസം-4-5 തുള്ളി ചെവിവേദനയിൽ ഹിതമാണ്.

**വെളുത്ത വേള, ആടുനാറിവേള, വേള, ആര്യവേള, നായ്‌വേള.**

Cleome viscosa, Capparaceae

(Gynandropsis pentaphylla എന്ന ചെടിയും വേളയായി ഉപയോഗിക്കുന്നു)

വിന്യാസം: ഭാരതത്തിൽ മുഴുവനും

വിവരണം: ഏകവർഷീയ സസ്യം, രോമാവൃതമായ ഇലകൾ, പൂക്കൾ മഞ്ഞനിറത്തിൽ, ഫലം കാപ്സ്യൂൾ.

ഉപയോജ്യാഗം: മുഴുവൻ സസ്യവും

ഉപയോഗം: വ്രണഹരം,കൃമിഹരം, സ്വേദജനനം

**മുയൽച്ചെവി**

Emilia sonchifolia, Asteraceae

വിന്യാസം: ഭാരതത്തിൽ മുഴുവനും കാണുന്ന പാഴ്ച്ചെടി

വിവരണം: 30-60 സെ.മി. നീളം, ഏകവാർഷികം, ഇലകൾ മുയൽചെവിയുടെ ആകൃതി, ചെടിയുടെ എല്ലാഭാഗത്തും ഇലകൾ, ഫലം ചെറിയ വിത്തോടു കൂടിയതുമാണ്.

ഉപയോജ്യാഗം: മുഴുവൻ സസ്യം

രസം: കടു, തിക്ത, കഷായം

ഗുണം: ലഘു, ഗ്രാഹി

വീര്യം: ശീതം

വിപാകം: കടു.

ഉപയോഗം: ജ്വരഹരം, കൃമിഹരം, നേത്ര്യം, രക്താർശസ്ശമനം, Tonsilitis -ന് ഫലപ്രദം.

1. സ്വരസം കൃമിനാശനം

2. 5–10 മില്ലി ജ്വരശമനം.

3. നേത്രരോഗങ്ങൾക്ക് നീര് കണ്ണിലൊഴിക്കുക.

4. രക്താർശസ് – മോരിൽ കലക്കി കുടിക്കുക 3–6 ഗ്രാം.

5. ഇല ഉപ്പുകല്ലു ചേർത്ത് നീരെടുത്ത് ടോൺസിലിനു പുറമെ പുരട്ടുക.

6. മഞ്ഞൾ, ഇരട്ടിമധുരം, കൽക്കമായി മുയൽചെവി നീരെടുത്ത് എണ്ണകാച്ചി പുരട്ടിയാൽ വ്രണം കരിയും.

**കാട്ടപ്പ**

Ageratum conyzoides, Asteraceae

വിന്യാസം: ഭാരതത്തിൽ മുഴുവനും

വിവരണം: ഇടത്തരം വലിപ്പമുള്ള കുറ്റിച്ചെടി

ഉപയോജ്യാംഗം: വേരും ഇലകളും.

ഉപയോഗം: അർശസ്, ഗുദഭ്രംഗം- ഇല അരച്ചു വച്ചു കെട്ടാവുന്നതാണ്.

**കാട്ടുമുല്ല**

Jasminum angustifolium, Oleaceae

വിന്യാസം: കർണാടകം കേരളം; ഉയരം കുറഞ്ഞ കുന്നുകളിൽ കാണാം.

വിവരണം: ചെറിയ പടർന്നുകയറുന്ന വള്ളി, സാധാരണ 3 പുഷ്പങ്ങൾ വീതം കാണുന്നു.

ഉപയോജ്യാംഗം : വേര്,ഇലകൾ

ഉപയോഗം: ത്വക് രോഗങ്ങളിൽ ബാഹ്യലേപനത്തിന്, നേത്രരോഗങ്ങൾ, വ്രണഹരം

**പൊൻകുരണ്ടിവേര്, ഏകനായകം**

Salacia reticulata, Hippocrateaceae

വിന്യാസം: ഭാരതം മുഴുവൻ

വിവരണം: തടിയ്ക്ക് കടുപ്പമുള്ള വള്ളിച്ചെടി, കട്ടിയുള്ള

രസം: കടുതിക്തം

ഉപയോഗം: കഫവാതശമനം, അഗ്നിമാന്ദ്യഹരം, മേധ്യം, സൂതികാശൂലജിത് (കുറിഞ്ഞി കുഴമ്പിൽ ചേരുന്നു)

**പേഴ്**

Careya arborea, Barringtoniaceae

വിന്യാസം: ഭാരതമെങ്ങും.

വിവരണം: ഇടത്തരം വൃക്ഷം. 15 മീറ്റർ ഉയരം. വലിയ ഇലകൾ. പൂക്കൾ മഞ്ഞകലർന്ന വെളുപ്പ്. വലിപ്പമുണ്ട്. ദുർഗന്ധി.

ഉപയോജ്യാംഗം: തൊലി, ഇല, പൂക്കൾ, കായ.

ഉപയോഗം: പ്രമേഹം, അർശസ്സ്, നാഡിവ്രണം, വിഷകൃമിഹരം, കഫകുഷ്ഠഹരം.

**കാത്ത്**

കരിങ്ങാലി വിറകിൽ നിന്നെടുക്കുന്നു.

ഉപയോഗവിരുദ്ധത: പാൽ

അതിയോഗത്തിൽ: പശുവിൻ പാൽകാച്ചി പഞ്ചസാര ചേർത്ത് കൂടെക്കൂടെ കൊടുക്കുക. ഒരു യാമം കൊണ്ട് വികാരം ശമിക്കും. പഴകി പാകം വന്നതായ കരിങ്ങാലി വൃക്ഷത്തിന്റെ തൊലികളഞ്ഞ് അതിന്റെ മദ്ധ്യഭാഗം ചെറുതായി നുറുക്കി വലിയ പാത്രത്തിലിട്ട് അടുപ്പിൽ വച്ച് പാകം ചെയ്ത് വറ്റിച്ച്

കുറുക്കി എടുക്കുന്നതാണ് കാത്ത്. ഇതിലെ പതപപ് കട്ടിയായ ഭാഗം കാത്ത് എന്നുപറയും. ഇതു കൂടാതെ സ്വയം ഉണ്ടാകുന്ന ഖദിര സാരവും ഉണ്ട്. വളരെ പഴക്കമുള്ള കരിങ്ങാലി വൃക്ഷത്തിന്റെ കോഠരത്തിൽ നിന്നോ കൊമ്പുകളുടെ ഇടയിൽ നിന്നോ ദ്രവപദാർത്ഥം ഒലിച്ച് വൃക്ഷത്തിൽ തന്നെ ഉണങ്ങി കട്ടപിടിച്ച് ഇരി ക്കുന്നു. ഇത് വർണ്യവും, രക്ത ദോഷഹരവും മുഖരോഗം കഫ രോഗം ഇവകൾക്ക് വളരെ ഫലപ്രദവുമാണ്.

കഫം, പിത്തം, വ്രണം, കണ്ഠരോഗം, വിസർപ്പം, പ്രമേഹം, കൃമി, മുഖരോഗം, കുഷ്ഠം, സ്ഥൗല്യം, അർശസ് ഇവശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ദീപനമായിരിക്കും. കഫവാതങ്ങളെ ശമിപ്പിക്കുന്ന താണ്.

**തുടിമ്പാളക്കിഴങ്ങ്**

Fern (പന്നൽച്ചെടി)

Dendrobium sp. വിശദാംശങ്ങൾ ലഭ്യമല്ല.

**തുടരി**

Ziziphus oenoplia, Rhamnaceae

വിന്യാസം: ഭാരതം മുഴുവൻ.

വിവരണം: വളരെയേറെ മുള്ളുകളുള്ള കുറ്റിച്ചെടി, രോമാവൃതം.

ഉപയോജ്യാംഗം: വേര്

ഉപയോഗം: കൃമിഹരം, അണുനാശനം, ഉദരരോഗഹരം, വ്രണഹരം.

**പച്ചിലപ്പെരുമാൾ, ജീവകം**

Malaxis acuminata, Orchidaceae

വിന്യാസം: ഭാരതത്തിൽ 3000 മീറ്റർ വരെ ഉയരത്തിൽ കാണുന്നു.

വിവരണം: ഏതാണ്ട് 30 സെ.മി. വരെ ഉയരമുള്ള ലഘുസസ്യം. കാണ്ഡം ഒരു ബൽബിന്റെ ആകൃതിയിൽ വീർത്തത്. നാരുകൾ പോലെ വേരുകൾ കാണപ്പെടുന്നു. മാതൃസസ്യത്തിൽ നിന്നുമാണ് പുതിയ സസ്യങ്ങൾ ഉണ്ടാകുന്നത്. ഏത് കാലാവസ്ഥയിലും പച്ചനിറമാറ്റത്തിനാൽ നശിച്ചുപോകാതെ യിരിക്കുന്നതിനാണ് ജീവകം. 3–4 വരെ കട്ടിയുള്ള ഇലകൾ. പൂങ്കുലകളിൽ ചെറിയ മഞ്ഞ പൂക്കൾ.

ഉപയോജ്യാംഗം: പച്ചനിറത്തിലുള്ള കാണ്ഡം. ഇതിന്റെ വലിപ്പമേറിയ സസ്യമാണ് ഇടവകം.

ഉപയോഗം: പ്രധാനപ്പെട്ട ജീവനീയൗഷധം. രസായനയോഗങ്ങളിൽ പൊതുവെ കാണപ്പെടുന്നു. ബലവർദ്ധനം, ബൃംഹണം

രസം: മധുരം

വീര്യം: ശീതം

**കൊടിപ്പാല**

വിശദാംശങ്ങൾ ലഭ്യമല്ല.

**ചെമ്പ്രാവള്ളിക്കിഴങ്ങ്, എലിത്തടി**

Rhaphidophora laciniata, Araceae

വിന്യാസം: ഭാരതം മുഴുവൻ, കാടുകളിലും നാടുകളിലും കാണാം.

വിവരണം: കാണ്ഡത്തിന് വളരെ കട്ടിയുണ്ട്. ബലമുള്ള മര ങ്ങളിൽ പിടിച്ച് ഉയര ത്തിൽ വളരുന്നു. ഇലകൾ ഒരു അടിയോളം വ്യാസം.

ഉപയോജ്യാംഗം: കാണ്ഡം

രസം: തിക്തകടുരസം

ഉപയോഗം: ഇത് ബാലചികിത്സയിൽ ഉപയോഗിക്കുന്നു.

ദീപനപാചനം,വ്രണശോഥഹരം, ഗുൽമഹരം

Scindapsus officinalis എന്ന അപരനാമമുള്ള സസ്യത്തിൽ നിന്നാണ് അത്തിത്തിപ്പലിയെന്ന ദ്രവ്യം എടുക്കുന്നത്. കാണ്ഡം അരിഞ്ഞുണങ്ങിയെടുക്കുന്നതാണ് അത്തിതിപ്പലി.

**കുടഞ്ഞഴുക്**

Leea Indica, Leeaceae

വിന്യാസം: വനപ്രദേശങ്ങൾ

വിവരണം: വലിപ്പമുള്ള കുറ്റിച്ചെടി, അസംഖ്യം ശാഖകൾ, വെളുത്ത പൂക്കൾ കുല കളായ് കാണുന്നു. ഫലം കറുപ്പ് നിറം.

ഉപയോജ്യാംഗം: വേര്, ഇലകൾ

ഉപയോഗം: കൃമിഹരം, സ്വേദജനനം, അതിസാരം, പ്രവാഹിക, ഉദരശൂലം, വ്രണം, ത്വക് രോഗം.

**നൊങ്ങണം പുല്ല്**

Hedyotis herbacea, Rubiaceae

വിന്യാസം: ഭാരതം മുഴുവൻ തുറസ്സായ സ്ഥലങ്ങളിൽ

വിവരണം: ചെറിയ കുറ്റിച്ചെടി, പർപ്പടപുല്ലിനോട് സാമ്യം, ഇലകൾ കൂർത്ത് 1-2 സെ.മി. നീളം. വീതി കുറ ഞ്ഞതാണ്. ചെറിയ വെളുത്തപുഷ്പങ്ങൾ, ഫലം -കാപ്സ്യൂൾ ചെറിയ വിത്തുകൾ.

ഉപയോജ്യാംഗം: മുഴുവൻ സസ്യവും

രസം: തിക്തം, മധുരം

ഗുണം: ശീതം ലഘു.

ഉപയോഗം: ഗുൽമശോഫജ്വരഹരം, കൃമിവാതവികാരഹരം, രക്തവാതഹരം, വ്രണ ഹരം.

**പാവട്ട**

Pavetta indica, Rubiaceae

വിന്യാസം: വനപ്രദേശങ്ങൾ, ഇന്ത്യയിലൊട്ടാകെ.

വിവരണം: 1 മീറ്റർ ഉയരം വരെ. കുറ്റിച്ചെടി. ഇലകൾ 6-12 സെ.മി. വരെ നീളം. 2-5 വീതി. പൂങ്കുല പത്രകക്ഷത്തിൽ നിന്നും. ശിഖരത്തലപ്പുകളിൽ ആണ്. വിന്യാസം. പുഷ്പം-വെളുപ്പുനിറം.

രസം: തിക്തകഷായം

ഗുണം: ലഘു, തീക്ഷ്ണം, രൂക്ഷം

വീര്യം: ശീതം

ഉപയോജ്യാംഗം: വേര്, ഇല.

ഉപയോഗം: മൂത്രളം, അർശസിൽ ഇല വെന്തവെള്ളം ധാരചെയ്ക, വേര്-ശോഫഹരം.

**കരിന്തുമ്പ**

Anisomeles malabarica, Lamiaceae

വിന്യാസം: ദക്ഷിണ ഭാരതത്തിലുടനീളം കാണുന്നു.

വിവരണം: 2 മീറ്റർ വരെ ഉയരം. കുറ്റിച്ചെടി. പുഷ്പങ്ങൾ-പർപ്പിൾ, സമൃദ്ധമായ കുലകൾ

ഉപയോജ്യാംഗം: മുഴുവൻ സസ്യവും

*അധിമാംസം ച കണ്ഡൂം ച ശ്ലേഷ്മസ്രാവം അരോചകം*
*ദന്തശൂലാസ്യപൂതിത്വം നാശയേൽ ച വിശേഷത*

കൃമിചികിത്സയുടെ അവസാനമാണ് പക്ഷെ പലശ്രുതിയെല്ലാം ഇതാണ്. ഈ തൈലം കവിളിനകത്ത് ഉണ്ടാകുന്ന ഗ്രോത്തുകളിൽ ഉപയോഗിയ്ക്കാം. ഇത് പുറമെപുരട്ടാൻ കൊടുത്താൽ നല്ല ഫലം കാണുന്നുണ്ട്.

വാതവ്യാധിചികിത്സയിലുള്ള കാര്യമൊക്കെ നിങ്ങൾക്ക് അറിയാവുന്നതാണ്. വാതശോണിതത്തിലും മറ്റുമുള്ള യോഗങ്ങളും നമ്മളെല്ലാവരും ഉപയോഗിയ്ക്കുന്നതാണ്.

ഇതിൽ ശ്രദ്ധേയമായ ഒരു യോഗം. വാതശോണിതചികിത്സയിലാണ് പറയുന്നത്.

*അമൃത് പത്തു കഴഞ്ച് സുരദ്രുമം ബലയുമെന്നിതോരോന്നു സിതായുതം*
*പുനൽ കുടിക്ക ശൃതം പിണിമുട്ടിൽ വീങ്ങിയതുപോമതിനില്ലൊരു സംശയം*

ഇത് Haemophilia കൊണ്ട് ചിലർക്ക് മുട്ടിനകത്ത് വേദന അനുഭവപ്പെടാറുണ്ട്. ഇതിൽ ഈ കഷായം വളരെ ഫലം കണ്ട് വരാറുണ്ട്. പിണ്ഡതൈലം ഉപയോഗിച്ച് മുട്ടിൽ ഒരു ലേപനവും കൂടി കൊടുത്താൽ നിശ്ശേഷം മാറി കാണാറുണ്ട്.

ഈ ഘട്ടത്തിൽ തന്നെ ഈ പുസ്തകത്തിലല്ലെങ്കിലും വിഷചികിത്സയുമായി ബന്ധപ്പെട്ടവർക്കറിയാം, കയ്പനരച്ചി എന്നൊരു ഇല വടക്കൻദിക്കിൽ ഉണ്ട്. അതരച്ച് കൊടുത്താലും Bleeding കുറെ Control ചെയ്യാൻ സാധിയ്ക്കും. വിഷവൈദ്യ ഗ്രന്ഥങ്ങളിലാണ് ഈ മരുന്നിനെ കുറിച്ച് പ്രതിപാദനമുള്ളത്.

ഇനി ചികിത്സാമഞ്ജരിയിൽ കാണുന്ന പ്രത്യേകമായ ചില രോഗാവസ്ഥകളും ചികിത്സകളുമാണ് വേറൊരു പ്രധാനപ്പെട്ട വിഷയം. അതിൽ പ്രധാനപ്പെട്ടത് ഭക്തരോധമാണ്. ഭക്തരോധത്തെ കുറിച്ച് dysphagia എന്നൊക്കെ പറയും. പല കാര്യങ്ങൾ കൊണ്ട് dysphagia വരാം. അതിന്റെ പ്രകരണത്തിൽ നിദാനം പറയുന്നസ്ഥലത്ത്,